"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജി.സി.ഡി.എ - ജീവനക്കാര്യം - പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾ അതോറിറ്റിയിലെ പെൻഷൻകാർക്കും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ) നം.125/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/08/2020**

പരാമർശം:- 1 സ.ഉ(പി)നം.9 /2016/ധന തീയതി 20/01/2016.

2 ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 28.01.2016-ലെ 276/2015-16 നമ്പർ തീരുമാനം

3 ജിസിഡിഎ ജനറൽ കൗൺസിലിന്റെ 23.02.2016-ലെ 45/2015-16 നമ്പർ തീരുമാനം.

4 ജിസിഡിഎ സെക്രട്ടറിയുടെ 05.03.2018,15.03.2018, 30.08.2019-ലെ 489/ജി.3/2016//ജിസിഡിഎ നമ്പർ കത്തുകൾ

**ഉത്തരവ്**

സംസ്ഥാന സർവീസ് പെൻഷൻകാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും പത്താം ശമ്പളപരിഷ്കരണ കമ്മീഷന്റെ നിർദേശാനുസരണം പരിഷ്കരിച്ച പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പെൻഷൻ റിവിഷൻ നടപ്പിലാക്കാൻ വിശാല കൊച്ചി വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ജനറൽ കൗൺസിലും യഥാക്രമം പരാമർശം (2), (3) പ്രകാരം തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജിസിഡിഎ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാർ അംഗീകാരത്തിനായി വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർവീസ് പെൻഷൻകാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾ വിശാല കൊച്ചി വികസന അതോറിറ്റിയിലെ പെൻഷൻകാർക്ക് അനുവദിക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

i. പരിഷ്കരിച്ച പെൻഷൻ 01/04/2020 മുതൽ നൽകാവുന്നതാണ്.
ii. പെൻഷൻ പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത ജി.സി.ഡി.എയുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.
iii. പെൻഷൻ പരിഷ്കരണത്തിന്റെ കുടിശ്ശിക പിന്നീട് അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
ധനകാര്യ(ഡവലപ്മെന്റ് ) വകുപ്പ് ( 11.05.2020-ലെ U.O-Dev-1/116/2018-Fin പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ